## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 657</u> | <u>12.06.2013-ൽ മറുപടിക്ക്</u>

**ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>,, പി. തിലോത്തമൻ :<br>,, ചിറ്റയം ഗോപകുമാർ :<br>,, കെ. അജിത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; | (എ) 2009-10 കാലയളവിൽ തിരുവനന്തപുരത്തും, വയനാട്ടിലും ജീവിതശൈലീരോഗങ്ങൾക്കെതിരെ ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കിയിരുന്നു. 2010-ൽ കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ, ഡയബറ്റീസ്, കാർഡിയോ വാസ്കുലർ ഡിസീസസ് & സ്ട്രോക്ക്) പത്തനംതിട്ടയിൽ ആരംഭിച്ചു. 2011-ൽ കേന്ദ്ര പദ്ധതി തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു. 2011-ൽ സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുകയുണ്ടായെങ്കിലും 2012 ഏപ്രിൽ മുതലാണ് ചിട്ടയായി നടപ്പാക്കപ്പെട്ടത്. പൂർണ്ണ രൂപത്തിലായ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2012 ഡിസംബറിൽ നടത്തുകയും ചെയ്തു.<br><br>ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നതിനു മുമ്പ് അവ തടയുവാനുള്ള ബോധവൽക്കരണം, ഈ രോഗങ്ങൾ ആരംഭദിശയിൽ തന്നെ കണ്ടെത്തുന്നതു വഴി രോഗനിയന്ത്രണവും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും സൗജന്യ മരുന്നുകളും ഉറപ്പാക്കുന്നതുവഴി ജീവിതശൈലീ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗജന്യ സേവനങ്ങളും മരുന്നുകളു മാണ് ലഭ്യമാക്കികൊണ്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, സാമൂഹ്യക്ഷേമ ഉപ കേന്ദ്രങ്ങളിലും 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും രക്തത്തിലെ പഞ്ചസാരയുടെ അളവ്, രക്താതിസമ്മർദ്ദം, ബി.എം.ഇ എന്നിവ യുടെ സ്ക്രീനിംഗും ബോധവൽക്കരണവും നടന്നു വരുന്നു. രോഗസാദ്ധ്യത കണ്ടെത്തിയാൽ അവർക്ക് പി.എച്ച്.സി / സി.എച്ച്.സി കളിൽ വെച്ച് സൗജന്യ ചികിത്സയും മരുന്നും നൽകുന്ന താണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് ഉള്ള ജില്ലകളിൽ ഇതിനു പുറമെ കാർഡിയാക് കെയർ യൂണിറ്റ്, ക്യാൻസർ കെയർ യൂണിറ്റ് എന്നിവ കൂടി സജ്ജീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി താഴെ പറയുന്ന 12 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്.

1. മെറ്റ്ഫോർമിൻ ടാബ് 500 മില്ലീഗ്രാം
2. ഗ്ലൈബൻഗ്ലമൈഡ് ടാബ് 5 മില്ലീഗ്രാം
3. ഗ്ലിമിപ്രൈഡ് ടാബ് 1 മില്ലീഗ്രാം
4. ഗ്ലിമിപ്രൈഡ് ടാബ് 2 മില്ലീഗ്രാം
5. അംലോഡിപിൻ ടാബ് 5 മില്ലീഗ്രാം
6. റാമിപ്രിൽ ടാബ് 2.5 മില്ലീഗ്രാം
7. ലോസാർടാൻ 25 മില്ലീഗ്രാം
8. മെറ്റോപ്രൊലോൾ ടാബ് ഐ.പി. 50 ഗ്രാം
9. ഹൈഡ്രോക്ലോറോ തയാസൈഡ് ടാബ് 25 മില്ലീഗ്രാം
10. അസെറ്റിസാലിക് ആസിഡ് ടാബ് 75 മില്ലീഗ്രാം
11. ഇൻസുലിൻ റെഗുലർ 30/70 40 ഐ.യു
12. ഇൻസുലിൻ ലോങ്ങ് ആക്ടിംങ്ങ് 40 ഐ.യു

ഇതുകൂടാതെ 2012-13 ൽ ജീവിതശൈലീ രോഗ നിവാരണ യജ്ഞത്തിനായി താഴെപറയുന്ന ഉപകരണങ്ങളും വിതരണം ചെയ്യുകയുണ്ടായി.

1. ഇ.സി.ജി. മെഷീൻ - 100 എണ്ണം
2. ബി.പി. അപ്പാരറ്റസ് - 6800 എണ്ണം
3. വെയിംഗ് മെഷീൻ - 6800 എണ്ണം
4. ഗ്ലൂക്കോ മീറ്റർ - 6800 എണ്ണം
5. ഗ്ലൂക്കോ സ്ട്രിപ്പ് - 25 ലക്ഷം

2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ 12 ഇനം മരുന്നുകളും 26,95,000 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകളുമാണ് വിതരണം ചെയ്യുന്നത്.

(....3)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സൗജന്യമായി നൽകേണ്ട മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതുമൂലം രോഗികൾക്ക് അവ ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ? | (സി) | ഇല്ല ; ബാധകമല്ല |

സെക്ഷൻ ഓഫീസർ